**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2220 11.06.2018- ൽ മറുപടിയ്ക്ക്

# വൃക്ക രോഗികൾക്ക് ധനസഹായം

ചോദ്യം

മറുപടി

ശ്രീ. കെ.രാജൻ

കെ.കെ.ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സോഷ്യൽ സെക്യൂരിറ്റി മിഷൻ മുഖേന വൃക്ക രോഗികൾക്ക് പ്രതിമാസ ധനസഹായം ലഭിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ; വ്യക്തമാക്കാമോ; | (എ) | ഉണ്ട്. കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ മുഖേന വൃക്ക രോഗബാധിതരായി ഡയാലിസിസിന് വിധേയരാകുന്നവർക്ക് 1100 രൂപ നിരക്കിൽ പ്രതിമാസ ധനസഹായം നൽകുന്നുണ്ട്. വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്നവർക്ക് പ്രസ്തുത തീയതി മുതൽ 5 വർഷം വരെ പ്രതിമാസം 1000 രൂപ നിരക്കിൽ ധനസഹായം നൽകിവരുന്നുണ്ട്. |
| (ബി) | എങ്കിൽ ആയതിന്റെ മാനദണ്ഡങ്ങൾ വിശദമാക്കാമോ? | (ബി) | 1. അപേക്ഷകൻ മാസത്തിലൊരിക്കലെങ്കിലും സ്ഥിരമായി ഡയാലിസിസിന് വിധേയരാകുന്ന ബി.പി.എൽ കുടുംബാംഗമായിരിക്കണം.<br>2. അപേക്ഷാഫാറത്തിനോടൊപ്പമുള്ള മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ നിശ്ചിത ഫോറത്തിൽ സർക്കാർ/സ്വകാര്യ ആശുപത്രിയിലെ |

| | | | |
|---|---|---|---|
| | | | വൃക്കരോഗവിദഗ്ധനിൽനിന്നും സർട്ടിഫിക്കറ്റ് വാങ്ങി അപേക്ഷയോടൊപ്പം ചേർക്കേണ്ടതാണ്.<br>3. അപേക്ഷകന്റെ ലൈഫ് സർട്ടിഫിക്കറ്റും തുടർ ചികിൽസാ സർട്ടിഫിക്കറ്റും സർക്കാർ/സ്വകാര്യ ആശുപത്രികളിലെ വൃക്കരോഗ വിദഗ്ധനിൽ നിന്നും ശേഖരിച്ച് 6 മാസത്തിലൊരിക്കൽ സാമൂഹ്യസുരക്ഷാ മിഷനിൽ സമർപ്പിക്കേണ്ടതാണ്.<br>4. അപേക്ഷകന്റെ പേരിൽ ആരംഭിക്കുന്ന ബാങ്ക് അക്കൗണ്ട് നമ്പർ, ബാങ്കിന്റെ പേര്, IFSC കോഡ് നമ്പർ എന്നിവ അപേക്ഷയിൽ നിർബന്ധമായും രേഖപ്പെടുത്തണം.<br>5. അപേക്ഷയിൽ ആവശ്യമായ മുഴുവൻ വിശദാംശങ്ങളും ചേർത്ത് ശിശുവികസന പദ്ധതി ആഫീസർക്ക് സമർപ്പിക്കണം.<br>6. മാസത്തിൽ ഒരു പ്രാവശ്യമെങ്കിലും ഡയാലിസിസിന് വിധേയരാകുന്നവർക്ക് മാത്രമെ ധനസഹായത്തിന് അർഹതയുണ്ടായിരിക്കുകയുള്ളൂ.<br>7. ആധാർകാർഡിന്റെ പകർപ്പ് അപേക്ഷയോടൊപ്പം ചേർക്കണം. |

സെക്ഷൻ ഓഫീസർ